# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 537

19.05.2017-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി.യു. പ്രതിഭ ഹരി<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. കെ. ആൻസലൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സമുദ്രമത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | സമുദ്ര മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുന്ന വിധം മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിനായി കേരള അക്വേറിയൻ റിഫോംസ് ബില്ലിന്റെ കരട് തയ്യാറാക്കി വരുന്നു. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് വേണ്ട കഴിവ് നേടുന്നതിനും സാമഗ്രികളുടെ ഉടമസ്ഥാവകാശം നേടുന്നതിനും പദ്ധതിയുണ്ടോ; | (ബി) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് 'സോഫിസ്റ്റിക്കേറ്റഡ് ഫിഷിംഗ് ഗിയർ അക്സസറീസ് ഫോർ ഡീപ് സീ ഫിഷിംഗ്' എന്ന പദ്ധതി നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബെയ്റ്റ്, ജിഗ്ഗ്, ജാപ്പാനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും, ആഴക്കടൽ മത്സ്യബന്ധന പരിശീലന ത്തിനുമായി 2016-17 - ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി നൽകിയിരുന്നുവെങ്കിലും ആ വർഷം അനുമതി ലഭിച്ചില്ല. നടപ്പ് വർഷം ടി പദ്ധതി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശം അനുസരിച്ച് വീണ്ടും സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | തീരദേശ മേഖലയുടെ സംയോജിത വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | 2016-17 സാമ്പത്തിക വർഷത്തിൽ തീരദേശമേഖലയുടെ സംയോജിത വികസനത്തിനായി ആവിഷ്ക്കരിച്ച വിവിധ പദ്ധതികൾക്കായി വകയിരുത്തിയ 184 കോടി രൂപയിൽ 100 കോടി രൂപ മത്സ്യത്തൊഴിലാളി ഭവന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഭവനരഹിതരായ 2600 മത്സ്യ ത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതവും, ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്.<br>2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം എന്നതിൽപ്പെടുത്തി മത്സ്യത്തൊഴിലാളി കളുടെ പാർപ്പിട സൗകര്യത്തിനായി ആകെ 150 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 8 കുടുംബങ്ങൾക്ക് ഒരു ഫ്ലാറ്റ് എന്ന കണക്കിന് 25 ഫ്ലാറ്റുകൾ നിർമ്മിച്ച് 200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് നൽകുന്നതിന് 20 കോടി രൂപയും 1200 ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 4 ലക്ഷം രൂപ നിരക്കിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 48 കോടി രൂപയും 750 ഭൂരഹിത ഭവനഹരിത മത്സ്യത്തൊഴിലാളി കുടുംങ്ങൾക്ക് 10 ലക്ഷം രൂപ നിരക്കിൽ ഭൂമി വാങ്ങി വീട് വയ്ക്കുന്നതിന് 75 കോടി രൂപയും ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 1 ഹെക്ടർ ഭൂമി വാങ്ങുന്നതിന് 7 കോടി രൂപയും ഉൾപ്പെടുന്നതാണ് ഈ പദ്ധതി. കൂടാതെ ബി.ഐ.എഫ് & എച്ച്.ഡി. എഫ്. (2017-18) പദ്ധതി പ്രകാരം തീരപ്രദേശത്ത് ആരോഗ്യ / വിദ്യാഭ്യാസ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 3000 ലക്ഷം രൂപയുടെ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ